ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE:13.10.2026**

## പ്രധാനവാർത്തകൾ

1. ജനാധിപത്യത്തിന്റെ മാതാവാണ് ഇന്ത്യയെന്നും ഡിജിറ്റൽ ശക്തി രാജ്യത്തിന് വലിയ അവസരങ്ങൾ തുറന്നു നൽകിയതായും പ്രധാനമന്ത്രി നരേന്ദ്രമോദി.

2. ഇന്ത്യയുടെ ജിഡിപി വളർച്ചാ അനുമാനം 7 ശതമാനമായി ഉയർത്തി അന്താരാഷ്ട്ര നാണയനിധി.

3. ആരോഗ്യ മേഖലയിലെ പ്രതിസന്ധി സംബന്ധിച്ച അടിയന്തര പ്രമേയത്തിന് അവതരണാനുമതി നിഷേധിച്ചതിൽ പ്രതിഷേധിച്ച് നിയമസഭയിൽ ഇന്നും പ്രതിപക്ഷ വാക്ക് ഔട്ട്. ആരോഗ്യ മേഖലയിൽ കാര്യമായ ഒരു പ്രശ്നവും നിലവിൽ ഇല്ലെന്ന് മന്ത്രി കെ മുരളീധരൻ.

4. സംസ്ഥാനത്ത് നിർമാണ സാമഗ്രികളുടെ വില വർധന തടയാൻ നടപടികൾ സ്വീകരിച്ചുവരികയാണെന്ന് മുഖ്യമന്ത്രി വി.ഡി.സതീശൻ.

5. ഇന്ന് സംസ്ഥാന കായിക ദിനം. 'കേരളം സ്പോർട്സ് നൈറ്റ് 2026' മുഖ്യമന്ത്രി തിരുവനന്തപുരം നിശാഗന്ധി ഓഡിറ്റോറിയത്തിൽ ഉദ്ഘാടനം ചെയ്യും.

6. സംസ്ഥാനത്ത് ഇടിമിന്നലോട് കൂടിയ ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. ഇടിമിന്നലിനെതിരെ ജാഗ്രത പാലിക്കണമെന്ന് മുന്നറിയിപ്പ്.

*************************

RNU TVPM

## പ്രധാനമന്ത്രി

ഇരുപത്തിയൊന്നാം നൂറ്റാണ്ടിൽ സാങ്കേതികവിദ്യ, ഡാറ്റ, വിജ്ഞാനം, നവീകരണം എന്നിവ അധികാരത്തിന്റെ പ്രധാന ഉറവിടങ്ങളായി മാറിയെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. ജനാധിപത്യത്തിന്റെ മാതാവാണ് ഇന്ത്യയെന്നും, നൂറിലധികം ഭാഷകളും എൺപതിനായിരത്തോളം രജിസ്റ്റർ ചെയ്ത പത്ര-പ്രസിദ്ധീകരണങ്ങളും ആയിരത്തിലധികം സാറ്റലൈറ്റ് ടെലിവിഷൻ ചാനലുകളും രാജ്യത്തുണ്ടെന്നും പ്രധാനമന്ത്രി പറഞ്ഞു. ന്യൂഡൽഹിയിൽ ബ്ലൂംബെർഗ് ന്യൂ ഇക്കോണമി ഫോറത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. ഡിജിറ്റൽ ശക്തി രാജ്യത്തിന് വലിയ അവസരങ്ങൾ തുറന്നു നൽകിയതായും പ്രധാനമന്ത്രി പറഞ്ഞു.

************************

## ഇന്ത്യ ജിഡിപി വളർച്ച

2026-27 സാമ്പത്തിക വർഷത്തേക്കുള്ള ഇന്ത്യയുടെ ജിഡിപി വളർച്ചാ അനുമാനം 6.4 ശതമാനത്തിൽ നിന്ന് 7 ശതമാനമായി ഉയർത്തി അന്താരാഷ്ട്ര നാണയനിധി. അനുകൂലമായ ജനസംഖ്യാ ഘടന, വികസിക്കുന്ന ആഭ്യന്തര വിപണി, ഘടനാപരമായ പരിഷ്കാരങ്ങൾ എന്നിവയുടെ പിൻബലത്തിൽ ഇന്ത്യയിൽ ശക്തവും സ്ഥിരവുമായ വളർച്ചാ സാധ്യതകൾ പ്രകടമാകുന്നതായി ഐഎംഎഫിന്റെ 'വേൾഡ് ഇക്കണോമിക് ഔട്ട്‌ലുക്ക്' റിപ്പോർട്ട് വ്യക്തമാക്കുന്നു.

RIUTVPM

************************

## ഗവർണർ

ആറ് സംസ്ഥാനങ്ങളിൽ പുതിയ ഗവർണർമാരെ നിയമിച്ച് രാഷ്ട്രപതി ദ്രൗപദി മുർമു. സിക്കിം ഗവർണർ ഓം പ്രകാശ് മാത്തൂർ കേരളത്തിന്റെ പുതിയ ഗവർണറാകും. കേരള ഗവർണറായിരുന്ന രാജേന്ദ്ര വിശ്വനാഥ് ആർലേക്കറിനെ തമിഴ്നാടിന്റെ ഗവർണറായി നിയമിച്ചു.

************************

## നിയമസഭാ വാക്ക്ഔട്ട്

ആരോഗ്യ മേഖലയിലെ പ്രതിസന്ധി സംബന്ധിച്ച അടിയന്തര പ്രമേയത്തിന് അവതരണാനുമതി നിഷേധിച്ചതിൽ പ്രതിധേഷിച്ച് നിയമസഭയിൽ ഇന്നും പ്രതിപക്ഷ വാക്ക് ഔട്ട്. ജീവിത ശൈലി രോഗ മരുന്നുകൾ മുടങ്ങിയെന്നും ജീവൻരക്ഷാ മരുന്നുകൾ പോലുമില്ലാതെ രോഗികൾ ബുദ്ധിമുട്ടുന്നതായും അടിയന്തരപ്രമേയ നോട്ടീസ് നൽകിയ കെ വി സുമേഷ് ആരോപിച്ചു. സാധാരണക്കാരുടെ ആശ്രയമാണ് സർക്കാർ ആശുപത്രികളെന്നും ആരോഗ്യരംഗത്ത് സർക്കാരിന്റെ ഭാഗത്തു നിന്ന് ആത്മാർത്ഥമായ സമീപനം വേണമെന്നും പ്രതിപക്ഷനേതാവ് പിണറായി വിജയൻ പറഞ്ഞു. എന്നാൽ സംസ്ഥാനത്തെ ആരോഗ്യ മേഖലയിൽ കാര്യമായ ഒരു പ്രശ്നവും നിലവിൽ ഇല്ലെന്ന് മന്ത്രി കെ മുരളീധരൻ മറുപടി നൽകി. മരുന്ന് ക്ഷാമം അടിയന്തരമായി പരിഹരിച്ചെന്നും അദ്ദേഹം അറിയിച്ചു. മന്ത്രിയുടെ മറുപടിയെത്തുടർന്ന് സ്പീക്കർ അടിയന്തര പ്രമേയത്തിന് അവതരണാനുമതി നിഷേധിക്കുകയായിരുന്നു.

*************************

## നിയമസഭ-മുഖ്യമന്ത്രി (ഇൻട്രോ)

സംസ്ഥാനത്ത് നിർമാണ സാമഗ്രികളുടെ വില വർധന തടയാൻ നടപടികൾ സ്വീകരിച്ചുവരികയാണെന്ന് മുഖ്യമന്ത്രി വി.ഡി.സതീശൻ. തമിഴ്നാട്ടിൽ നിന്ന് മെറ്റലും മറ്റ് സാമഗ്രികളും എത്തിക്കുന്നതിന് താൽക്കാലികമായി ഏർപ്പെടുത്തിയിരിക്കുന്ന നിരോധനം പിൻവലിക്കുന്നത് സംബന്ധിച്ച് തമിഴ്നാട് മുഖ്യമന്ത്രിക്ക് കത്തയച്ചിരുന്നതായും മുഖ്യമന്ത്രി നിയമസഭയിൽ പറഞ്ഞു.

(വോയ്സ്)

*************************

## സുഗതൻ - ധർണ്ണ

കാപ്പ കേസിൽ ജയിലിലായിരുന്ന തിരുവനന്തപുരം വാഴോട്ടുകോണം കൗൺസിലർ സുഗതനും കുടുംബവും നഗരസഭ കൗൺസിലർമാരും നിയമസഭയ്ക്ക് മുന്നിൽ ധർണ ആരംഭിച്ചു. കാപ്പ കേസ് ദുരുപയോഗം ചെയ്ത് നഗരസഭ ഭരണം

അട്ടിമറിക്കാൻ ഇടത് - വലത് മുന്നണികൾ ശ്രമിച്ചതായി ആരോപിച്ചാണ് പ്രതിഷേധം.

************************

ഏകതാ ദിനം

ദേശീയ ഏകതാ ദിനാഘോഷങ്ങളുടെ ഭാഗമായി സംഘടിപ്പിക്കുന്ന മോട്ടോർസൈക്കിൾ റാലിയിൽ കേരള പോലീസും പങ്കെടുക്കും. റാലിയുടെ ഫ്ളാഗ് ഓഫ് ആഭ്യന്തരമന്ത്രി രമേശ് ചെന്നിത്തല ഇന്ന് തിരുവനന്തപുരത്ത് നിർവ്വഹിക്കും. ഇന്ത്യയുടെ ഉരുക്ക് മനുഷ്യന് സർദാർ വല്ലഭ്ഭായ് പട്ടേലിൻറെ ജന്മവാർഷികമായ ഒക്ടോബർ 31 ആണ് ദേശീയ ഏകതാ ദിനമായി ആഘോഷിക്കുന്നത്.

************************

കയർ മേഖല (ഇൻട്രോ)

കയർ മേഖലയിലേക്ക് പുതിയ വനിതാ സംരംഭകരെ ആകർഷിക്കാൻ പദ്ധതിയുമായി കയർവകുപ്പ്. കയർ ഉൽപ്പന്നങ്ങളുടെ ഉൽപാദന-വിതരണ മേഖലകളിൽ ഉണർവേകുന്ന പുതിയ പദ്ധതികൾ സമർപ്പിക്കാൻ മന്ത്രി രമേശ് ചെന്നിത്തല കയർ വികസന ഡയറക്ടർക്ക് നിർദേശം നൽകി.

**വിശദാംശങ്ങളുമായി ആകാശവാണി തിരുവനന്തപുരം ജില്ലാ പ്രതിനിധി രെജു കോലിയക്കോട്..**

(വോയ്സ്)

RNU TVPM

************************

ഇന്റർനെറ്റ് വരിക്കാരുടെ എണ്ണം

രാജ്യത്തെ ഇന്റർനെറ്റ് വരിക്കാരുടെ എണ്ണം 111 കോടി 41 ലക്ഷത്തിലധികമായെന്ന് ടെലികോം റെഗുലേറ്ററി അതോറിറ്റി ഓഫ് ഇന്ത്യ. ഈ വർഷം ജൂൺ അവസാനം വരെയുള്ള കണക്കാണിത്. മാർച്ചിലെ വരിക്കാരുടെ എണ്ണത്തേക്കാൾ 96 ശതമാനം വളർച്ചയാണ് ജൂണിൽ രേഖപ്പെടുത്തിയത്.

************************

സേവാ സങ്കൽപ്

പ്രധാനമന്ത്രി നരേന്ദ്രമോദി, ഭരണനേതൃത്വത്തിൽ 25 വർഷം പൂർത്തിയാക്കിയതിന്റെ ഭാഗമായി രാജ്യമെമ്പാടും വിവിധ പരിപാടികൾ പുരോഗമിക്കുന്നു. കർഷകർക്ക് വരുമാന പിന്തുണ

നല്കാൻ ലക്ഷ്യമിട്ട്, നടപ്പാക്കുന്ന പിഎം കിസാൻ സമ്മാൻ നിധിയെക്കുറിച്ചാണ് ആകാശവാണിയുടെ 'ജനസേവനമാണ് ദേശസേവനം' പ്രത്യേക പരമ്പരയിൽ ഇന്ന്. 2019 ഫെബ്രുവരിയിലാണ് പദ്ധതി ആരംഭിച്ചത്. പദ്ധതി പ്രകാരം, അർഹരായ കർഷക കുടുംബങ്ങൾക്ക് പ്രതിവർഷം നൽകിവരുന്ന 6,000 രൂപയുടെ സാമ്പത്തിക സഹായം നിരവധി കർഷകർക്കാണ് കൈത്താങ്ങാകുന്നത്.

*************************

## ദുരന്ത നിവാരണ ദിനം (ഇൻട്രോ)

ഇന്ന് അന്താരാഷ്ട്ര ദുരന്ത നിവാരണ ദിനം. അവബോധം, പ്രതിരോധം, സമൂഹത്തിന്റെ അതിജീവനശേഷി എന്നിവ പ്രോത്സാഹിപ്പിക്കുന്നതിനായി എല്ലാ വർഷവും ഒക്ടോബർ 13-നാണ് ദിനാചരണം സംഘടിപ്പിക്കുന്നത്. അതിതീവ്ര പ്രകൃതി ദുരന്തങ്ങൾ നേരിടാൻ, അതിജീവന ശേഷിയുള്ള സമൂഹത്തെ വാർത്തെടുക്കുക മാത്രമാണ് മാർഗ്ഗമെന്ന് സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയിലെ ഹസാഡ് അനലിസ്റ്റ് ഫഹദ് മർസൂക് ആകാശവാണി വാർത്തകളോട് പറഞ്ഞു..

( **വോയിസ്....**)

RNU TVPM

*************************

## കാലാവസ്ഥ

സംസ്ഥാനത്ത് ഈ മാസം 16 വരെ ഇടിമിന്നലോട് കൂടിയ ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. ഇടിമിന്നലിനെതിരെ ജനങ്ങൾ ജാഗ്രത പാലിക്കണമെന്ന് ദുരന്ത നിവാരണ അതോറിറ്റി മുന്നറിയിപ്പ് നൽകി. കേരളത്തിൽ തുലാവർഷം ഉടൻ എത്താൻ സാധ്യതയെന്നും കാലാവസ്ഥ വിഭാഗം അറിയിച്ചിട്ടുണ്ട്.

*************************

## സംസ്ഥാന കായിക ദിനം

ഇന്ന് സംസ്ഥാന കായിക ദിനം. കേരളത്തിന്റെ കായിക സംസ്കാരത്തിന് ഉണർവും ദിശാബോധവും നൽകിയ ലെഫ്റ്റനന്റ് കേണൽ ഗോദവർമ്മ രാജയുടെ ജന്മദിനമായ ഒക്ടോബർ 13 ആണ് കായികദിനമായി ആചരിക്കുന്നത്.'കേരളം സ്പോർട്സ്

നൈറ്റ് 2026' മുഖ്യമന്ത്രി വി ഡി സതീശൻ ഇന്ന് തിരുവനന്തപുരം നിശാഗന്ധി ഓഡിറ്റോറിയത്തിൽ ഉദ്ഘാടനം ചെയ്യും.

************************

## കായിക പുരസ്കാരം

സംസ്ഥാനത്തെ കായികതാരങ്ങൾക്കുള്ള ജി വി രാജ പുരസ്കാരം ഇന്ന് സമർപ്പിക്കും. പുരുഷവിഭാഗം ജി.വി.രാജ അവാർഡ് കോമൺവെൽത്ത് ഗെയിംസ് ട്രിപ്പിൾ ജമ്പിൽ സ്വർണമെഡൽ നേടിയ എൽദോസ് പോളിനും വനിതാവിഭാഗം പുരസ്കാരം ബാഡ്മിൻറൺ താരം ട്രീസ ജോളിക്കുമാണ്. മികച്ച കായിക പരിശീലകനുള്ള അവാർഡ് അനൂപ് ജോസഫിനും ഒളിമ്പ്യൻ സുരേഷ്ബാബു മെമ്മോറിയൽ ലൈഫ് ടൈം അച്ചീവ്മെൻറ് പുരസ്കാരം പി.ടി.ജോസഫിനും സമ്മാനിക്കും.

************************

## നവരാത്രി

ലക്ഷ്മി ദുർഗ സരസ്വതി ദേവിമാരെ ആരാധിക്കുന്ന നവരാത്രി ഉത്സവത്തോടനുബന്ധിച്ച് രാജ്യമെമ്പാടും ആഘോഷങ്ങൾ പുരോഗമിക്കുന്നു. സംസ്ഥാനത്തെ ക്ഷേത്രങ്ങളിൽ വൻഭക്തജനത്തിരക്കാണ് അനുഭവപ്പെടുന്നത്. ദുർഗാഷ്ടമി ഈ മാസം 19-നും 20-ന് മഹാനവമിയുമാണ്. 21-നാണ് പൂജയെടുപ്പും വിദ്യാരംഭവും നടക്കുക.

RNU TVPM

************************

## പാലക്കാട് (ഇൻട്രോ)

നവരാത്രി ആഘോഷങ്ങളുടെ ഭാഗമായി ബൊമ്മക്കൊലുവിന്റെ മനോഹാരിതയുമായി പാലക്കാട് കൽപ്പാത്തിയിലെ അഗ്രഹാരങ്ങൾ. അഗ്രഹാര വീടുകളിൽ തമിഴ് ബ്രാഹ്മണ പാരമ്പര്യത്തിന്റെ ഭാഗമായ ബൊമ്മക്കൊലു ഒരുക്കിയുള്ള ആഘോഷങ്ങൾ പുരോഗമിക്കുകയാണ്.

**വിശദാംശങ്ങളുമായി ആകാശവാണി പാലക്കാട് ജില്ലാ പ്രതിനിധി ഫൈസൽ അലിമുത്ത്.....**

(വോയ്സ്)

************************

## പോക്സോ പ്രതി പിടിയിൽ

പത്തനംതിട്ട തിരുവല്ലയിൽ പൊലിസ് സ്റ്റേഷനിൽ നിന്നും ചാടിപ്പോയ പോക്സോ കേസ് പ്രതി പിടിയിൽ. നിരണം സ്വദേശി സജിത്ത് ആണ് പിടിയിലായത്. കഴിഞ്ഞ വെള്ളിയാഴ്ച രാത്രിയാണ് സജിത്ത് സ്റ്റേഷനിൽ നിന്ന് രക്ഷപ്പെട്ടത്.

*************************

## ചികിൽസാ പിഴവ്

കോഴിക്കോട് മെഡിക്കൽ കോളെജിൽ ശസ്ത്രക്രിയക്ക് ശേഷം ശാരീരിക അസ്വസ്ഥതയെ തുടർന്ന് സ്ത്രീ മരിച്ച സംഭവത്തിൽ പോലീസ് കേസെടുത്തു. ചികിൽസാ പിഴവ് ആരോപിച്ച് ബന്ധുക്കൾ നൽകിയ പരാതിയിലാണ് നടപടി. വടകര സ്വദേശിനിയാണ് മരിച്ചത്.

*************************

## സൈബർ സേഫ് കേരളം

കേരള പോലീസിന്റെ 'സൈബർ സേഫ് കേരളം' പദ്ധതിയുടെ ഇടുക്കി ജില്ലാതല വോളണ്ടിയേഴ്സ് ട്രെയിനിങ് പ്രോഗ്രാം പൈനാവ് ഗവൺമെന്റ് എൻജിനീയറിങ് കോളേജിൽ നടന്നു. സൈബർ കുറ്റകൃത്യങ്ങൾ തടയാൻ സന്നദ്ധപ്രവർത്തകരെ സജ്ജരാക്കുകയാണ് ലക്ഷ്യം. ജില്ലാ പോലീസ് മേധാവി ഡോ. എ. നസീം ഉദ്ഘാടനം നിർവഹിച്ചു.

RNU TVPM

*************************

## ശബരിമല ഫോട്ടോഗ്രാഫി

ശബരിമല തീർഥാടന കാലയളവിൽ സന്നിധാനം, പമ്പ, നിലയ്ക്കൽ എന്നിവിടങ്ങളിലെ നാലമ്പലങ്ങൾക്കുള്ളിൽ ഫോട്ടോഗ്രാഫിയും വീഡിയോ ചിത്രീകരണവും നിരോധിച്ച് പത്തനംതിട്ട ജില്ല കലക്ടർ ഉത്തരവിറക്കി. മുൻകൂർ അനുമതിയോടെയുള്ള ഫോട്ടോഗ്രാഫിയ്ക്കും വീഡിയോ ചിത്രീകരണത്തിനും നിരോധനമില്ല. തീർഥാടകരുടെ സുഗമമായ ദർശനവും സുരക്ഷയും മുൻനിർത്തിയാണ് തീരുമാനം.

*************************

************************* *****************